"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ്- കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ് ലിമിറ്റഡിലെ (മത്സ്യഫെഡ്) തസ്തികകളുടെ ശമ്പള സ്കെയിൽ പരിഷ്കരിച്ച് ഉത്തരവാകുന്നു.

---

മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്

സ.ഉ.(കൈ) നം.7/2025/F&P തീയതി,തിരുവനന്തപുരം, 29-03-2025

---

പരാമർശം:-

1. സ.ഉ. (കൈ) നം.469/2012/ധന. തീയതി 23.08.2012
2. സ.ഉ. (പി) നം.27/2021/ധന. തീയതി 10.02.2021
3. മൽസ്യഫെഡ് മാനേജിംഗ് ഡയറക്ടറുടെ 21.12.2021-ലെ Mfed/E1/5131/2021നമ്പർ കത്ത്.
4. ഫിഷറീസ് ഡയറക്ടറുടെ 27.10.2021-ലെ DFTVM/3042/2021-F3 നമ്പർ കത്ത്.

ഉത്തരവ്

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡവലപ്മെന്റ് ലിമിറ്റഡിലെ (മത്സ്യഫെഡ്) തസ്തികകളുടെ ശമ്പള സ്കെയിൽ പരാമർശം (1) പ്രകാരം പരിഷ്കരിച്ച് ഉത്തരവായിരുന്നു. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പരാമർശം (2) പ്രകാരം അനുവദിച്ച പതിനൊന്നാം ശമ്പള പരിഷ്കരണ ആനുകൂല്യം മത്സ്യഫെഡിലെ ജീവനക്കാർക്കും അനുവദിയ്ക്കണമെന്ന് മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിയ്ക്കുകയും പരാമർശം (4) പ്രകാരം ഫിഷറീസ് ഡയറക്ടർ ശമ്പള പരിഷ്കരണം ശിപാർശ ചെയ്യുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മത്സ്യഫെഡിലെ ചുവടെ ചേർക്കുന്ന തസ്തികകളുടെ ശമ്പള സ്കെയിൽ ചുവടെ ചേർത്തിരിയ്ക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (2) ഉത്തരവിലെ അനക്സർ 1 പ്രകാരം പരിഷ്കരിച്ച് ഉത്തരവാകുന്നു.

| ക്രമ നം | തസ്തിക | നിലവിലെ ശമ്പള സ്കെയിൽ | പുതുക്കിയ ശമ്പള സ്കെയിൽ | അനുവദിച്ച തസ്തികകളുടെ എണ്ണം |
|---|---|---|---|---|
| 1 | മാനേജിംഗ് ഡയറക്ടർ | മാതൃവകുപ്പിലേത് പോലെ | | 1 |
| 2 | ജനറൽ മാനേജർ | 77400-115200 | 107800-160000 | 1 G.O.(MS) No.1/21/F&PD |

| | | | | |
|---|---|---|---|---|
| | | | | dated 06.01.2021 |
| 3 | ഡെപ്യൂട്ടി ജനറൽ മാനേജർ (എഫ്&ഐ.എ) | 68700-110400 | 95600-153200 | 1 |
| 4 | ഡെപ്യൂട്ടി ജനറൽ മാനേജർ (സി.ഒ) | 68700-110400 | 95600-153200 | 1 |
| 5 | ഡെപ്യൂട്ടി ജനറൽ മാനേജർ (അക്വാകൾച്ചർ) | 68700-110400 | 95600-153200 | 1 |
| 6 | ഡെപ്യൂട്ടി ജനറൽ മാനേജർ (പ്രോജക്ട്സ്) | 68700-110400 | 95600-153200 | 1 G.O.(Ms) No.1/21/F&PD dated 06.01.2021 |
| 7 | മാനേജർ (പേഴ്സണൽ) | 45800-89000 | 63700-123700 | 1 G.O.(Ms) No.1/21/F&PD dated 06.01.2021 |
| 8 | മാനേജർ | 45800-89000 | 63700-123700 | 17 |
| 9 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 45800-89000 | 63700-123700 | 1 |
| 10 | ഡെപ്യൂട്ടി മാനേജർ | 40500-85000 | 56500-118100 | 8 |
| 11 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 40500-85000 | 56500-118100 | 1 |
| 12 | എക്സിക്യൂട്ടീവ് അസിസ്റ്റന്റ് to മാനേജിംഗ് ഡയറക്ടർ | 40500-85000 | 56500-118100 | 1 |
| 13 | അസിസ്റ്റന്റ് എഞ്ചിനീയർ | 36600-79200 | 51400-110300 | 1 |
| 14 | അസിസ്റ്റന്റ് മാനേജർ | 35700-75600 | 50200-105300 | 36 |
| 15 | അക്കൗണ്ട്സ് ഓഫീസർ | 30700-65400 | 43400-91200 | 6 |
| 16 | പ്രോജക്ട് ഓഫീസർ | 27800-59400 | 39300-83000 | 85 |
| 17 | അക്കൗണ്ടന്റ് | 27800-59400 | 39300-83000 | 27 |
| 18 | ഓവർസിയർ ഗ്രേഡ് -I | 26500-56700 | 37400-79000 | 2 |
| 19 | ഓവർസിയർ ഗ്രേഡ് - II | 19000-43600 | 26500-60700 | 2 |
| 20 | ഓഫീസ് സൂപ്രണ്ട് | 30700-65400 | 43400-91200 | 13 |
| 21 | പ്രൊഡക്ഷൻ സൂപ്പർവൈസർ | 30700-65400 | 43400-91200 | 3 |
| | | | | |

| | | | | |
|---|---|---|---|---|
| 22 | ഇലക്ട്രിക്കൽ സൂപ്പർവൈസർ | 26500-56700 | 37400-79000 | 1 |
| 23 | റഫ്രിജറേഷൻ സൂപ്പർവൈസർ | 26500-56700 | 37400-79000 | 1 |
| 24 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് | 27800-59400 | 39300-83000 | 3 |
| 25 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I | 26500-56700 | 37400-79000 | |
| 26 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II | 22200-48000 | 31100-66800 | |
| 27 | സീനിയർ അസിസ്റ്റന്റ്/ അസിസ്റ്റന്റ് ഗ്രേഡ് I | 22200-48000 | 31100-66800 | 34 |
| 28 | ജൂനിയർ അസിസ്റ്റന്റ്/ അസിസ്റ്റന്റ് ഗ്രേഡ് II | 19000-43600 | 26500-60700 | 28<br>G.O.(Ms) No.43/2013/F&PD dated 05.07.2013 |
| 29 | കമ്പ്യൂട്ടർ പ്രോഗ്രാമർ | 27800-59400 | 39300-83000 | 1 |
| 30 | ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് | 18000-41500 | 25100-57900 | 8 |
| 31 | അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് | 22200-48000 | 31100-66800 | 8 |
| 32 | ടൈപ്പിസ്റ്റ് സീനിയർ ഗ്രേഡ് | 26500-56700 | 37400-79000 | 4 |
| 33 | ടൈപ്പിസ്റ്റ് സെലക്ഷൻ ഗ്രേഡ് | 27800-59400 | 39300-83000 | 3 |
| 34 | ഫെയർ കോപ്പി സൂപ്രണ്ട് | 30700-65400 | 43400-91200 | 1 |
| 35 | ടെലഫോൺ ഓപ്പറേറ്റർ | 18000-41500 | 25100-57900 | 1 |
| 36 | ലബോറട്ടറി അസിസ്റ്റന്റ് | 18000-41500 | 25100-57900 | 1 |
| 37 | വെഹിക്കിൾ സൂപ്പർവൈസർ | 16500-35700 | 23000-50200 | 1 |
| 38 | സ്റ്റോർ കീപ്പർ | 17500-39500 | 24400-55200 | 4 |
| 39 | സ്റ്റോർ അസിസ്റ്റന്റ് | 16500-35700 | 23000-50200 | 5 |
| 40 | സെയിൽസ് മാൻ | 17500-39500 | 24400-55200 | 17 |

| | | | | |
|---|---|---|---|---|
| 41 | സെയിൽസ് അസിസ്റ്റന്റ് | 16500-35700 | 23000-50200 | 1 |
| 42 | ക്ലർക്ക് കം സെയിൽസ് മാൻ | 18000-41500 | 25100-57900 | 3 |
| 43 | റഫ്രിജറേഷൻ മെക്കാനിക് | 18000-41500 | 25100-57900 | 8 |
| 44 | ഓപ്പറേറ്റർ ഗ്രേഡ് I | 25200-54000 | 35600-75400 | 8 |
| 45 | ഓപ്പറേറ്റർ ഗ്രേഡ് II | 18000-41500 | 25100-57900 | 8 |
| 46 | ഓപ്പറേറ്റർ ഗ്രേഡ് III | 17000-37500 | 23700-52600 | 8 |
| 47 | ബോയിലർ ഓപ്പറേറ്റർ ഗ്രേഡ് II | 18000-41500 | 25100-57900 | 2 |
| 48 | ഡ്രൈവർ സീനിയർ ഗ്രേഡ് | 20000-45800 | 27900-63700 | 41 |
| 49 | ഡ്രൈവർ ഗ്രേഡ് I | 19000-43600 | 26500-60700 | |
| 50 | ഡ്രൈവർ ഗ്രേഡ് II | 18000-41500 | 25100-57900 | |
| 51 | ഓഫീസ് അറ്റൻഡർ സീനിയർ ഗ്രേഡ് | 17500-39500 | 24400-55200 | 44 |
| 52 | ഓഫീസ് അറ്റൻഡർ ഗ്രേഡ് I | 17000-37500 | 23700-52600 | |
| 53 | ഓഫീസ് അറ്റൻഡർ ഗ്രേഡ് II | 16500-35700 | 23000-50200 | |
| 54 | ഹെൽപ്പർ | 16500-35700 | 23000-50200 | 8 |
| 55 | വർക്കർ | 16500-35700 | 23000-50200 | 13 |
| 56 | ഫാം വർക്കർ | 16500-35700 | 23000-50200 | 25 |
| 57 | ഫിഷർമാൻ കം വാച്ച്മാൻ | 16500-35700 | 23000-50200 | 1 |
| 58 | പാർട്ട് ടൈം സ്വീപ്പർ (കാറ്റഗറി II) | 9340-14800 | 13000-21080 | 18 |
| 59 | പാർട്ട് ടൈം സ്വീപ്പർ (കാറ്റഗറി III) | 8200-13340 | 11500-18940 | |
| 60 | വേയിംഗ് അസിസ്റ്റന്റ് | 16500-35700 | 23000-50200 | 1 |
| 61 | ഐസ് മാൻ | 16500-35700 | 23000-50200 | 1 |
| 62 | ക്ലീനർ | 16500-35700 | 23000-50200 | 1 |
| 63 | ഷിഫ്റ്റ് സൂപ്പർവൈസർ | 27800-59400 | 39300-83000 | 3 |
| 64 | മെക്കാനിക്ക് കം | 16500-35700 | 23000-50200 | 1 |

| | | | | |
|---|---|---|---|---|
| | ഇൻസ്ട്രക്ടർ | | | |
| 65 | പേഴ്സണൽ അസിസ്റ്റന്റ് | 39500-83000 | 55200-115300 | 1 |
| 66 | വാച്ച്മാൻ | 16500-35700 | 23000-50200 | 24<br>G.O.(Rt) No.508/21/F&PD dated 05.10.21 |
| 67 | ടെക്നോളജിസ്റ്റ് | 27800-59400 | 39300-83000 | 1<br>G.O.(Rt) No.508/21/F&PD dated 05.10.21 |

**നിബന്ധനകൾ**

1. മേൽ ശമ്പള പരിഷ്കരണം 01.07.2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.
2. 01.07.2019-ന് നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും പരിഷ്കരിച്ച സ്കെയിലിൽ 01.07.2019-ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ്.
3. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ പരാമർശം (2) ഉത്തരവിലെ അനക്സർ II-ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
4. പരാമർശം (2) ഉത്തരവിലെ അനക്സർ III പ്രകാരം പരിഷ്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.
5. വീട്ട് വാടക ബത്ത പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 12, 13 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. ബോർഡിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്കരിച്ച വീട്ടു വാടക ബത്ത അനുവദിക്കാവുന്നതാണ്.
6. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കപ്പെടുന്നതാണ്.
7. ഭിന്നശേഷി ജീവനക്കാർക്ക് പ്രതിമാസം 1100/- രൂപ (ആയിരത്തി ഒരുനൂറ് രൂപ) സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.
8. മേൽപ്പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ/മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കുവാൻ പാടില്ല.
9. ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം ടി വിഷയത്തിന്മേലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും
10. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് പരാമർശം (2) ഉത്തരവിലെ അനക്സർ VI ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
11. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ (റെഗുലർ ഡെപ്യൂട്ടേഷൻ, താൽക്കാലികം, ദിവസകൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം

നടത്തുവാനോ പാടില്ല.

12. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർ നാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.
13. മത്സ്യഫെഡിൽ പത്താം ശമ്പള പരിഷ്കരണ ഉത്തരവിന്റെ പരിധിയിൽപ്പെടാതെ സർക്കാർ അനുമതിയില്ലാതെ സൃഷ്ടിക്കപ്പെട്ട തസ്തികകൾക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല.
14. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.
15. ഇ.പി.എഫ്.ലേയ്ക്കുള്ള പരമാവധി തൊഴിലുടമ വിഹിതം 15,000/- (BP+DA) രൂപയുടെ 12% ആയിരിക്കും.
16. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.
17. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ല. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ടി നിയമനം മൂലം സ്ഥിര നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
18. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും ബോർഡിലെ ജീവനക്കാർക്ക് നൽകുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുമ്പ് നിർത്തലാക്കേണ്ടതാണ്.
19. നിശ്ചിത കാലയളവിലേയ്ക്ക് സൃഷ്ടിക്കപ്പെട്ട തസ്തികകൾക്ക് തുടർച്ചാനുമതിയുടെ തീയതി വരെ മാത്രമായി ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തേണ്ടതാണ്.
20. ശമ്പള പരിഷ്കരണത്തിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിയ്ക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ബോർഡിൽ നടപ്പാക്കാൻ പാടില്ല.
21. ശമ്പള പരിഷ്കരണത്തിന് ആവശ്യമായ അധിക സാമ്പത്തിക ബാദ്ധ്യത ബോർഡ് സ്വന്തം വരുമാന മാർഗ്ഗങ്ങളിൽ നിന്ന് കണ്ടെത്തേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാദ്ധ്യതയും ഏറ്റെടുക്കുന്നതല്ല.
22. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് മാനേജിംഗ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
2. മാനേജിംഗ് ഡയറക്ടർ, മൽസ്യഫെഡ്, തിരുവനന്തപുരം.
3.സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരളം, തിരുവനന്തപുരം
5. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.2821 തീയതി 26.03.2025)
6.ധനകാര്യ വകുപ്പ് (പരാമർശം 03.02.2025-ലെ 2020379/PU-C4/19/2022-ധന. പ്രകാരം)
7. ഡെപ്യൂട്ടി ഡയറക്ടർ II, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഗവ.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി) 8.വിവര പൊതുജന സമ്പർക്ക വകുപ്പ്, (വിപുല പ്രചാരണത്തിന്)

9. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
R.Narendra Varma
Date: 29-03-2025 15:43:02

സെക്ഷൻ ഓഫീസർ